# പൊന്നോണം വരവായ്

രാഗിണി ജനാർദ്ദനൻ തയ്യിൽ

(വഞ്ചിപ്പാട്ട് വ്രുത്തം)



ഓണക്കാലം വന്നീടുന്നു കേരളീയരെല്ലാം തന്നെ
ഒത്ത് ചേർന്നു വട്ടക്കളി കളിച്ചീടുന്നു
പൂക്കളുടെ ചുറ്റുവട്ടം വർണ്ണഭംഗി ആസ്വദിപ്പാൻ
പൂമ്പാറ്റകളൊന്നായ് പാറി പറക്കുമ്പോലെ
തോട്ടിലും, പുഴകളിലും, കായലിലും വെള്ളം പൊങ്ങി
കാലവർഷം അൽപ്പം മുമ്പെ കടന്നുപോയി
തോട്ടത്തിലോ പച്ചിലയും, പൂവ്വുകളും,കായകളും
തത്തി തത്തി പറക്കുന്ന പറവകളും
അത്തം മുതൽ പത്ത് ദിനം വരെ നമ്മൾ കളമെല്ലാം
അന്നേരത്തെ പൂക്കളാലെ അലങ്കരിക്കും
വ്രുത്താകാരപൊയ്കകളിൽ പൊങ്ങി നിൽക്കും പൂക്കൾ പോലെ
വ്യക്തമായി മനസ്സിലും വിരിയും പൂക്കൾ
പൂത്തറമേൽ ത്രുക്കാകരയപ്പനെ പ്രതിഷ്ഠിക്കുന്നു
നാക്കിലയിൽ പൂവടയും തുമ്പപൂവ്വും നേദിക്കുന്നു
നിലവിളക്കും, നിറപറയും പൂക്കുലയും വെച്ചിട്ട്
നിലത്തങ്ങിനെ ഒത്ത്ചേർന്നു കളിച്ചിടുന്നു
മഹാബലി വരുന്നതും കാത്ത് കാത്ത് നിന്നിടുന്നു
ജനങ്ങൾ ആബാലവ്രുദ്ധം ആമോദത്തോടെ
കൊല്ലംതോറും ഉത്സാഹത്താൽ കൂട്ടമായികൂടീടുന്ന
അനവധിയാഘോഷങ്ങൾ ഇവിടെ കാണാം
മഹാബലി വേഗം വരാൻ പ്രാർത്ഥിക്കുന്നു പ്രജകളാ
നല്ല കാലം വരുമെന്ന് നിനച്ചീടുന്നു.

===========